# ആശ്വാസ് – 2014

നമ്പർ. സി.പി(4)**1292/2014**

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 10.01.2014
Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

## സർക്കുലർ നമ്പർ.01/2014

വിഷയം : സഹകരണ വകുപ്പ് - സഹകരണ സംഘം/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികക്കാർക്ക് ആശ്വാസം നൽകുന്നതിനുമുള്ള കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി - ആശ്വാസ് - 2014 മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

................

1. സഹകരണ വായ്പാ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും, സാധാരണക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനും അതോടൊപ്പം വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടു ത്തുന്നതിനുമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും പ്രത്യേക റിക്കവറി പദ്ധതികളും ആവിഷ്ക്കരിക്കുകയും, ആയതിനനു സൃതമായി കുടിശ്ശിക പിരിവിൽ കാര്യമായ പുരോഗതി കൈവരിയ്ക്കുന്നതിനും കഴിഞ്ഞിട്ടു ്. എന്നാൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ പദ്ധതിനടപ്പിലാക്കുന്നതുമൂലം, ടി വിഭാഗത്തിന് നൽകിയിട്ടുള്ള വായ്പകൾ ഈടാക്കുന്നതിന് ഏർപ്പെ ടുത്തിയിട്ടുള്ള മോറട്ടോറിയം, കാർഷിക വായ്പകളിന്മേലുള്ള ജപ്തിനടപടികൾക്ക് 15.02.2014 വരെ ഏർപ്പെടുത്തിയിട്ടുള്ള മോറട്ടോറിയം, കേരള കാർഷിക കടാശ്വാസ കമ്മീഷന്റെ അവാർഡുകളിന്മേൽ പരിശോധന പൂർത്തിയാക്കി പൂർണ്ണമായും തുക ലഭി ക്കാനുള്ളതും, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു ള്ള കടാശ്വാസ പദ്ധതിയിനത്തിൽ തുക ലഭിക്കാനുള്ളതുമായ സാഹചര്യം, ഇ.എം.എസ് ഭവനപദ്ധതി ഇനത്തിൽ ഇനിയും പലിശ ലഭിയ്ക്കാനുള്ള സാഹചര്യം എന്നീ കാരണ ങ്ങളാൽ പ്രാഥമിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ കുടിശ്ശിക ശതമാനം വൻതോതിൽ വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടു ്.

2. മേൽപ്പറഞ്ഞ സാഹചര്യത്തിൽ സഹകരണ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും സംഘങ്ങളെ പരമാ വധി കുടിശ്ശിക രഹിത സംഘങ്ങൾ ആക്കി മാറ്റുന്നതിനായി ഒരു ഊർജ്ജിത പരിപാടി **"ആശ്വാസ്– 2014", ജനു വരി 15 മുതൽ മാർച്ച് 15 വരെ** നടപ്പിലാക്കാൻ തീരുമാനിച്ചിട്ടു ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i). 2013 ഡിസംബർ 31 ൽ പൂർണ്ണമായോ ഭാഗികമായോ കുടിശ്ശികയായ വായ്പകൾക്ക് മാത്രമേ ഈ പദ്ധതി ബാധകമാകുകയുള്ളൂ.

(ii). മുൻകാലങ്ങളിൽ ഇത്തരം പദ്ധതികളിൽപ്പെടുത്തി, ആയതു വരെയുള്ള കുടിശ്ശിക മുതലും പലിശ യും ഇള വുകളോടുകൂടി അടച്ചുതീർക്കുകയും ആയതിനുശേഷം വീ ും ക്രമമായി അടയ്ക്കാതിരിയ്ക്കുകയും

ചെയ്യുന്ന വായ്പകൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് യാതൊരു കാരണവശാലും ആനുകൂല്യത്തിന് അർഹത ഉ ായിരിക്കുകയില്ല.

(iii). വായ്പാതുകയുടെ അടിസ്ഥാനത്തിൽ ചുവടെപരാമർശിക്കുന്നഇളവുകൾനൽകാവുന്നതാണ്.

## 3. 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ

(i). 5 ലക്ഷംവരെയുള്ള വായ്പകൾ (മുതൽ) കുടിശ്ശികയായിട്ടു ങ്കിൽ **വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശനിരക്കോ, ഇപ്പോഴുള്ള പലിശനിരക്കോ ഏതാണോകുറവ് ആയതുപ്രകാരമുള്ള പലിശതുകയും, മുതലും ഈടാക്കി, ബാക്കി നിൽപ്പ് പിഴപലിശ, നോട്ടീസ് ചാർജ്ജ് മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി, എന്നാൽ സംഘത്തിൽ നിന്നും ആർബിട്രേഷൻ ഫീസ്, എക്സിക്യൂഷൻ ഫീസ് എന്നിവ അടച്ചിട്ടു ങ്കിൽ ആയത് ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.**

(ii). ഇപ്രകാരം വായ്പകൾക്ക് ഖണ്ഡിക 3 (ശ) പ്രകാരമുള്ള പലിശകണക്കാക്കുമ്പോൾ, യാതൊരു കാരണവശാലും പലിശ ബാക്കിനിൽപ്പ് മുതലിനേക്കാൾ അധികരിച്ച് ഈടാക്കാൻ പാടുള്ളതല്ല.

## 4. 5 ലക്ഷത്തിനു മുകളിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പകൾ

(i) വായ്പയെടുക്കുമ്പോൾ നിലവിലു ായിരുന്ന പലിശനിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതുപ്രകാരമുള്ള പലിശ തുകയും, ബാക്കിനിൽപ്പ് മുതലിന് ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കി നിൽപ്പ് മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ, അപ്രകാരം **അധികരിച്ച പലിശ തുകയു ടെ 5%ൽ** അധികരിക്കാതെ പരമാവധി **25,000/-** രൂപ വരെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും, മുതലിനോടൊപ്പം ഈടാക്കിയും മറ്റ് ചിലവുകൾ ഒഴിവാക്കിയും, ആർബി ട്രേഷൻ/എക്സിക്യൂഷൻ ഫീസ് ഈടാക്കിയും വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

## 5 (F) 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾ

(i) 10 ലക്ഷംരൂപയ്ക്ക് മുകളിൽ നൽകിയിട്ടുള്ളതും 5 വർഷത്തിലധികം പഴക്കമുള്ളതുമായ വായ്പകൾ, ബാക്കിനിൽപ്പ് മുതലിന് നിലവിലു ായിരുന്ന പലിശനിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ്, പ്രസ്തുത പലിശതുകയുടെ 5% ൽ അധികരിക്കാതെയും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് പരമാവധി 25,000/-രൂപയിൽ അധികരിക്കാതെയും ബാക്കിനിൽപ്പ് മുതലിനോടൊപ്പം ഈടാക്കി പിഴപ്പലിശ, മറ്റ് ചിലവുകൾ എന്നിവ ഒഴിവാക്കിയും ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ് എന്നിവ ഈടാക്കിയും വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(ii) എന്നാൽ 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ളതും 5 വർഷത്തിന് താഴെ പഴക്കമുള്ളതുമായ വായ്പകളുടെ ബാക്കിനിൽപ്പ് മുതൽ തുക, നിലവിലുള്ള പലിശനിരക്കിൽ അടച്ചു തീർക്കാവുന്നതും, പലിശ തുകയുടെ 5% തുക ഭരണചെലവ്/എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിൽ ഈടാക്കി പിഴപ്പലിശ, മറ്റ് ചിലവുകൾ എന്നിവ ഒഴിവാക്കി നൽകാവുന്നതുമാണ്.

എന്നാൽ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസ് ഫീസിനത്തിൽ അടച്ചിട്ടുള്ള തുകകൾ ഈടാക്കാവുന്നതാണ്.

5(ന) ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള അംഗ സംഘങ്ങൾക്കും ഈ സർക്കുലർ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.

5(ഌ) ഖണ്ഡിക 3,4,5 ൽ പ്രതിപാദിക്കുന്ന **'മുതൽ' എന്നാൽ വായ്പയിൽ ബാക്കിനിൽക്കുന്നമുതൽ എന്നാകുന്നു.**

**മുമ്പ് വായ്പയിൽ അടച്ച മുതലോ, പലിശയോ യാതൊരു കാരണവശാലും കണക്കിലെടുക്കേ തോ, പുന : പരിശോധിക്കേ തോ ആയിട്ടുള്ളതല്ല. ബാക്കിനിൽക്കുന്ന മുതലിൽ ആണ് പലിശ കണക്കാക്കേ ത്.**

## 6. റിക്കവറി ക്യാമ്പുകൾ

(i) വായ്പ പൂർണ്ണമായി കുടിശ്ശികയായവർക്കൊപ്പം തന്നെ തവണ കുടിശ്ശികയായവർക്കും, തവണതുക അടയ്ക്കുന്നതിനും സംഘം/ബാങ്ക്ഭരണസമിതിയുമായിബന്ധപ്പെട്ട് തീർപ്പ് കൽപ്പിക്കുന്നതിനുമായി എല്ലാ സഹകരണ സംഘങ്ങളിലും ടി കാലയളവിൽ റിക്കവറിക്യാമ്പുകൾ നിർബന്ധമായും സംഘടിപ്പിക്കേ താണ്. ഒന്നോ അതിലധികമോ, റിക്കവറിക്യാമ്പുകൾ സംഘം പ്രവർത്തനപരിധിയിൽ/വിവിധസ്ഥലങ്ങളിൽ/ സംഘം/ ബാങ്കിന്റെശാഖകളിൽ നടത്താവുന്നതാണ്. ആകർഷകമായപരസ്യങ്ങൾ പ്രവർത്തന പരിധിയിൽ നൽകി, എല്ലാ കുടിശ്ശികാർക്കും നോട്ടീസ് നൽകി, റിക്കവറി ക്യാമ്പുകൾ സംഘടിപ്പിക്കുകയും, വായ്പാതുകകൾ മേൽ പരാമർശിച്ച ഇളവുകൾ നൽകി പിരിച്ചെടുക്കാവുന്നതുമാണ്.

(ii) മരണപ്പെട്ടവരുടെ വായ്പകൾ, മാരകരോഗം ബാധിച്ചവർ/മാരകരോഗങ്ങൾബാധിച്ചവർ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തി ൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും, മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/അനാഥർ തുടങ്ങിയവരുടെ വായ്പകൾ, റിക്കവറി ക്യാമ്പുകളിൽ ഓരോ വായ്പാക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി തീർപ്പാക്കാവുന്നതാണ്.

(iii) റിക്കവറിക്യാമ്പുകളിൽ ബാങ്ക് പ്രസിഡന്റ്, ബാങ്ക് സെക്രട്ടറി, കുറഞ്ഞത് 3 ഭരണ സമിതി അംഗങ്ങൾ, അസിസ്റ്റന്റ് രജിസ്ട്രാർ/യൂണിറ്റ് ഇൻസ്പെക്ടർ എന്നിവർ നിർബന്ധമായും പങ്കെടുക്കേ തും, വായ്പക്കാരുടെ സ്ഥിതി ബോധ്യപ്പെട്ട്, ഇളവനുവദിക്കുന്നതിന് വ്യക്തമായ കാരണം രേഖപ്പെടുത്തി തീർപ്പ് കൽപ്പിക്കേ താണ്.

(iv) ഇപ്രകാരം റിക്കവറിക്യാമ്പുകളിൽ തീർപ്പ്കൽപ്പിക്കുന്നതിന് സംഘം ഭരണ സമിതിക്ക് ഖണ്ഡിക 3,4,5 ൽ പരാമർശിക്കുന്ന നിബന്ധനകളോ, വിവേചനാധികാരമോ പാലിക്കാവുന്നതാണ്. അപ്രകാരം വിവേചനാധികാരം ഉപയോഗിച്ച് കൂടുതൽ ഇളവുകൾ നൽകുന്ന പക്ഷം, ആയത് ഖണ്ഡിക 9(vii) പ്രകാരമുള്ള സ്റ്റിയറിംഗ് കമ്മിറ്റി മുമ്പാകെ അംഗീകരാത്തിനായി സമർപ്പിക്കേ താണ്.

(v) ഇപ്രകാരം തീർപ്പാക്കുന്നകേസുകൾ സംഘംആസ്ഥാനത്തും, ശാഖകളിലുമുള്ള നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേ തും,സംഘത്തിന്റെ/ബാങ്കിന്റെയും വെബ്സൈറ്റ് ഉ ങ്കിൽ ആയതിൽ പരസ്യപ്പെടുത്തേ തും, സഹകരണ സംഘംരജിസ്ട്രാറുടെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേ തുമാണ്. അതോടൊപ്പം അനുവദിച്ച ഇളവുകൾ അറിവിനും അംഗീകാരത്തിനുമായി സംഘത്തിന്റെ അടുത്ത പൊതുയോഗത്തിന് മുമ്പാകെ സമർപ്പിക്കേ തുമാണ്.

## 7. സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ/ഹൗസിംഗ് സഹകരണ സംഘങ്ങൾ

സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും, ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും, ഈ കാലയളവിൽ സർക്കുലർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രത്യേക കുടിശ്ശികനിവാരണ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഇതിനായി കേരള സംസ്ഥാന സഹകരണ കാർഷികഗ്രാമ വികസനബാങ്കും, കേരള സഹകരണ ഹൗസിംഗ് ഫെഡറേഷനും, അതാതുമേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും, നിയമാനുസൃതവുമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച്, രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കേ തും പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, കേസ് ചിലവുകൾ എന്നിവ ഒഴിവാക്കി പരമാവധി പലിശ കുറച്ച് അംഗീകരിച്ച പദ്ധതിയ്ക്കനുസൃതമായി വായ്പാ കണക്കവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേ തുമാണ്.

## 8. ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ

ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ തുടരുന്ന കേസുകളിൽ പ്രത്യേക 'അദാലത്തുകൾ' എല്ലാ താലൂക്കുകളിലും **2014 ഫെബ്രുവരി 15 നകം** സംഘടിപ്പിച്ച് ദ്രുതഗതിയിൽ കേസുകൾ തീർപ്പാക്കാ ൻ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ടെ കീഴിൽ താലൂക്ക് തലത്തിലും, ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടെ നേതൃത്വത്തിൽ ജില്ലാതലത്തിലും നിർബന്ധമായും നടപടികൈക്കൊള്ളേ താണ്. താലൂക്കുകളിൽ/ജില്ലയിൽ **2014 ജനുവരി 15 വരെ** ബാക്കിനിൽക്കുന്ന എല്ലാ ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകളും അദാലത്തിൽ ഉൾപ്പെടുത്തേ താണ്. സംഘം പ്രസിഡന്റിനും, സെക്രട്ടറി/ചീഫ് എക്സിക്യുട്ടീവിനും, എതിർകക്ഷികൾക്കും അദാലത്തിൽ ഹാജരാകാൻ നോട്ടീസ് നൽകേ താണ്. അദാലത്തുകൾ ആവശ്യമാണെങ്കിൽ ഒന്നോ അതിലധികമോ ദിവസം നടത്താവുന്നതാണ്. അദാലത്തിൽ ഓരോ കേസുകളിലും ബന്ധപ്പെട്ടവരുമായി ധാരണയു ാക്കി ഉഭയകക്ഷി സമ്മതപ്രകാരമുള്ള തുക ഒരു മാസത്തിനകം അടയ്ക്കുന്നതിന് ഉത്തരവ് നൽകേ തും തുക അടയ്ക്കുന്ന മുറയ്ക്ക് ടി ഫയലിലെ നടപടികൾ അവസാനിപ്പിക്കേ തുമാണ്. അദാലത്തുകൾ സംഘടിപ്പിക്കുന്ന തീയതികൾ സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ അറിയിക്കേ താണ്. ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന അദാലത്തിൽ അറിയിക്കുന്ന മുറയ്ക്ക് ഈ ആഫീസിൽ നിന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കുന്നതാണ്. അതോടൊപ്പം തന്നെ **2014 ഫെബ്രുവരി 01 മുതൽ** ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യേ താണ്.

വളരെ പഴക്കം ചെന്ന കേസുകളിൽ സംഘ്ങ്ങളുടെ അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്ക്, സിവിൽ കോടതി മുഖാന്തിരം നടപടികൾ സ്വീകരിക്കുന്നതിന് കേരള സഹകരണ ചട്ടം പ്രകാരമുള്ള ഫോംനമ്പർ.12 ൽ സർട്ടിഫിക്കറ്റുകൾ, ബന്ധപ്പെട്ട അസിസ്റ്റന്റ്രജിസ്ട്രാർമാർ/ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങൾക്ക് നൽകേ താണ്.

## 9. പൊതു നിർദ്ദേശങ്ങൾ.

**(i)** സംസ്ഥാനത്തിലെ ഓരോ സഹകരണസംഘം ഭാരവാഹികളും ജീവനക്കാരും പരമാവധി കുടിശ്ശിക്കാരെ നേരിൽക്ക ് കുടിശ്ശിക തുക തിരികെ അടയ്ക്കുന്നതിന് പ്രേരിപ്പിക്കേ താണ്.

**(ii)** കുടിശ്ശികയായിരുന്ന വായ്പകൾ അടച്ചുതീർക്കുന്ന വായ്പക്കാർക്ക് ആവശ്യമാണെങ്കിൽ, നിയമാനുസൃതമായനടപടിക്രമങ്ങൾ പാലിച്ച്, പുതിയ, വായ്പ അനുവദിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേ താണ്.

**(iii)** എല്ലാ കുടിശ്ശികകാർക്കും ഈ കാലയളവിൽ അടച്ചു തീർത്താൽ ലഭിക്കുന്ന ഇളവുകൾ കൃത്യമായികണക്കാക്കി, ആയത്വ്യക്തമാക്കി, തപാൽമുഖേനയോ, നേരിട്ടോ അറിയിപ്പ് നൽകേ താണ്. പ്രാദേശികമായി, സംഘം പ്രവത്തനപരിധിയിൽ ആകർഷകമായ പോസ്റ്ററുകൾ,ബാനറുകൾ,പരസ്യങ്ങൾ എന്നിവ പ്രദർശിപ്പിയ്ക്കേ തും നോട്ടീസുകൾ വിതരണം ചെയ്യേ തുമാണ്. അതോടൊപ്പം ഉച്ചഭാഷിണി, പ്രാദേശിക ടി.വി ചാനലുകൾ, റേഡിയോ മാധ്യമങ്ങൾ, സിനിമാ സ്ലൈഡുകൾ എന്നിവ മുഖേന ലഘുപരസ്യങ്ങൾ

നൽകാവുന്നതും, മറ്റ് പുതുമയുള്ളതും ആകർഷകവുമായതും ചെലവ് കുറഞ്ഞതുമായ കലാരൂപങ്ങൾ, തെരുവ് നാടകങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ച് വായ്പ കുടിശ്ശിക അടച്ചു തീർക്കേ ത് സംബന്ധിച്ച് ബോധവാൻമാരാക്കാവുന്നതാണ്.

**(iv)** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, സാമ്പത്തികശേഷിയില്ലാത്ത വിവധവകൾ/പട്ടിക ജാതി/പട്ടികവർഗ്ഗക്കാർ/വികലാംഗർ/മാരകരോഗം/മാനസികരോഗംബാധിച്ചവർ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ എന്നിവർ എടുത്തിട്ടുള്ള കുടിശ്ശികയായ വായ്പകൾക്ക് പലിശ നിരക്കിൽ ഇളവു നൽകുന്ന തുക സംഘങ്ങൾക്ക് റീഇംബേഴ്സ് ചെയ്തുനൽകുന്നതിനുള്ള ശുപാർശ സർക്കാരിന് സമർപ്പിക്കുന്നതും, സർക്കാർ അനുവദിക്കുന്ന പക്ഷം തുക നിബന്ധനകൾക്ക് വിധേയമായി സംഘങ്ങൾക്ക് തുക അനുവദിക്കുന്നതുമാണ്. പ്രസ്തുത വിഭാഗം വായ്പകൾക്ക് വായ്പ അനുവദിക്കുമ്പോഴു ാകുന്ന പലിശനിരക്കിനേക്കാൾ കുറവാണ് ഇപ്പോഴത്തെ പലിശ നിരക്കെങ്കിൽ, കുറഞ്ഞ നിരക്കിൽ വായ്പ കണക്കവസാനിപ്പിക്കാനുള്ള മതിയായ അവസരം വായ്പക്കാർക്ക് നൽകേ താണ്.

**(v)** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് തെളിയിക്കുന്നതിന് ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേ താണ്. ബി.പി.എൽ കാർഡ് ലഭ്യമായിട്ടില്ലാത്ത, അർഹമായവരായ വായ്പക്കാർ, ടിയാളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാക്കി (അസ്സൽ) സമർപ്പിക്കേ താണ്.

**(vi)** ഈ ക്യാമ്പയിൻ നടപ്പിലാക്കുന്നതിന് ഓരോ സംഘവും ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ ഈ പദ്ധതിയുടെ നോഡൽ ആഫീസറായി ചുമതലപ്പെടുത്തേ തും, ടിയാനുമായി ബന്ധപ്പെടേ ഫോൺ നമ്പർ കുടിശ്ശികക്കാർക്കുള്ള നോട്ടീസിൽ കാണിക്കേ തുമാണ്. അതോടൊപ്പം സംഘം/ബാങ്ക് ആഫീസിലും,ശാഖകളിലും,പഞ്ചായത്ത്/വില്ലേജ് ആഫീസ്, വായനശാലകൾ, മാർക്കറ്റുകൾ, ബസ്സ്റ്റാന്റുകൾ, ടാക്സി/ആട്ടോറിക്ഷാസ്റ്റാന്റുകൾ, പ്രദേശത്തെ മറ്റ് പ്രധാനസ്ഥലങ്ങൾ എന്നിവയിലും ഇപ്രകാരം അറിയിപ്പുകൾ പരസ്യപ്പെടുത്തേ താണ്. നോഡൽ ആഫീസറുടെ ജോലി ബന്ധപ്പെട്ട ഭരണ സമിതി/ സെക്രട്ടറി ഓരോ ആഴ്ചയിലും വിലയിരുത്തേ താണ്.

**(vii)** കുടിശ്ശികയായ വായ്പകളിൽ സർക്കുലർ നിർദ്ദേശങ്ങൾക്കുപരി മറ്റേതെങ്കിലും ഇളവുകൾ കൂടുതലായി നൽകണമെന്ന് ഏതെങ്കിലും സഹകരണ സംഘം തീരുമാനം കൈക്കൊള്ളുന്ന പക്ഷം ആയതിന്റെ അംഗീകാരത്തിനായി ചുവടെ പരാമർശിക്കുന്ന സ്റ്റിയറിംഗ് കമ്മിറ്റി മുമ്പാകെ, ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം സമർപ്പിക്കേ താണ്.

1. ബഹു. സഹകരണ വകുപ്പ് മന്ത്രി - ചെയർമാൻ
2. സഹകരണ വകുപ്പ് സെക്രട്ടറി - അംഗം
3. സഹകരണ സംഘം രജിസ്ട്രാർ - അംഗം/കൺവീനർ

ഇപ്രകാരം പരിഗണനയ്ക്ക് സമർപ്പിക്കുമ്പോൾ മരിച്ചുപോയ അംഗത്തിന്റെ വായ്പയാണെങ്കിൽ സഹകരണ റിസ്ക് ഫ ിൽ നിന്ന് തുകലഭിച്ചിട്ടു ങ്കിൽ ടി വിവരം, വായ്പക്കാരന്റെ സാമ്പത്തിക സ്ഥിതി, വായ്പക്കാരനോ, കുടുംബാംഗങ്ങൾ ക്കോമാരകരോഗം/മാനസികരോഗം ബാധിച്ചിട്ടു ങ്കിൽ ആയതിന്റെ വിവരങ്ങൾ, ചികിത്സാരേഖകളുടെ പകർപ്പ്, ഭരണസമിതി തീരുമാനം എന്നിവ സഹിതം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ ശുപാർശയോടു കൂടി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേ താണ്.

**(viii)** പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സഹകരണ സംഘം തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും താഴെ പറയും പ്രകാരം കമ്മിറ്റികൾ രൂപീകരിക്കേ താണ്. കൂടാതെ, നിയമസഭാ അംഗങ്ങൾ, ത്രിതല പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ എന്നിവരെ ഈ പദ്ധതി സംബന്ധിച്ചകാര്യങ്ങൾ അറിയിക്കേ താണ്. ഇതിനായി ജനുവരി 10-ാം തീയതിയ്ക്ക് മുമ്പ് സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ ഉൾപ്പെടെയുള്ള

അതാത് ജില്ലയിലെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാർ/സെക്രട്ടറിമാർ എന്നിവർ ഉൾപ്പെടുന്നവരുടെ യോഗം വിളിച്ചുകൂട്ടി കുടിശ്ശിക നിലവാരം അവലോകനം ചെയ്യേ തും പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് വിശദീകരിക്കുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേ തുമാണ്.

**(IX).** ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കണക്കുകൾ ശേഖരിച്ച് അവലോകനം ചെയ്യുന്നതിനായി മാതൃകാപ്രൊഫോർമകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലനിൽക്കുന്ന കുടിശ്ശിക വായ്പാകണക്കുകൾ 1-ാം നമ്പർ പ്രൊഫോർമയിൽ സഹകരണ സംഘം/ബാങ്ക് തലത്തിൽ ശേഖരിയ്ക്കേ തും ആയത് ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ പരിശോധിച്ച് ബോധ്യപ്പെടേ തും, അപ്രകാരം താലൂക്ക് തലത്തിലുള്ള സംഘങ്ങളുടെ വിവരങ്ങൾ 1-ാം നമ്പർ പ്രൊഫോർമയിൽ ക്രോഡീകരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും, പകർപ്പ് സഹകരണ സംഘം രജിസ്ട്രാർക്കും, 15.01.2014 നകം സമർപ്പിക്കേ തും 3-ാം നമ്പർ പ്രൊഫോർമയിൽ ജോയിന്റ് രജിസ്ട്രാർ വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങളുടെ താലൂക്ക് തലത്തിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാതല ക്രോഡീകരണം നടത്തേ തും ആയത് 20.01.2014 നകം സഹകരണ സംഘം രജിസ്ട്രാറുടെ/ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാറുടെ പേരിൽ സമർപ്പിക്കേ തുമാണ്.

2014 ജനുവരി 31, ഫെബ്രുവരി 15, ഫെബ്രുവരി 28 എന്നീ തീയതികളിൽ കൈവരിച്ച പുരോഗതിയുടെ കണക്കുകൾ പ്രൊഫോർമ 2 -ൽ യഥാക്രമം ഫെബ്രുവരി 5, ഫെബ്രുവരി 20 മാർച്ച് 5 തീയതികളിലും 15.03.2014 ലെ അന്തിമ കണക്ക് 18.03.2014 ൽ തന്നെ അസിസ്റ്റന്റ് രജിസ്ട്രാർമാർ, ജില്ലാ ജനറൽ ജോയിന്റ് രജിസ്ട്രാർമാർക്ക് 1, 2, 3 പ്രൊഫോർമകളിൽ നൽകേ തുമാണ്. ടി പ്രൊഫോർമകളുടെ പകർപ്പുകൾ അസിസ്റ്റന്റ് രജിസ്ട്രാർമാർ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ന് അയക്കേ തും, ജോയിന്റ് രജിസ്ട്രാർമാർ, ജില്ലാ തലത്തിൽ ക്രോഡീകരിച്ച കണക്കുകൾ 25.03.2014 നകം പ്രൊഫോർമ 3, 4 ൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേ തുമാണ്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ നിശ്ചിത പ്രൊഫോർ മകളിൽ ജോയിന്റ് രജിസ്ട്രാർമാർക്ക് നേരിട്ട് സമർപ്പിയ്ക്കേ താണ്.

**(X)** ചില അസിസ്റ്റന്റ് രജിസ്ട്രാർമാർ യഥാസമയം റിപ്പോർട്ടുകൾ സഹകരണ സംഘം രജിസ്ട്രാർക്കും ജോയിന്റ് രജിസ്ട്രാർക്കും സമർപ്പിക്കുന്നതിലും സംഘങ്ങളുടെ പദ്ധതിയുമായിബന്ധപ്പെട്ടഅപേക്ഷകൾ കൈകാര്യംചെയ്യുന്നതിലും ഉദാസീനത പുലർത്തുന്ന തായി മുൻകാലങ്ങളിലെ പദ്ധതി കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടു ്. ഇത്തരത്തിലുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓർമ്മപ്പെടുത്തുന്നു.

**(XI)** ഓരോ സഹകരണ സംഘവും ടി പദ്ധതി കാലയളവിൽ നൽകുന്ന ഇളവുകൾ അനുബന്ധം(എ) യിലെ മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേ താണ്. പദ്ധതിയുടെ അവലോകനം നടത്തുന്നതിനും മറ്റും ഇത് സഹായകരമാകുമെന്നതിനാൽ സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക്/സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങൾ എന്നിവയുടെ ഹെഡ്ഡാഫീസിലും, ശാഖകളിലും ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതിന്, അതാതു ബാങ്കുകൾ നിർദ്ദേശം നൽകേ തുമാണ്.

**(XII)** സംസ്ഥാനതലത്തിൽ പ്രവർത്തിയ്ക്കുന്ന അപ്പക്സ് ബാങ്കുകളുടെ കണക്കുകൾ ടി ബാങ്കുകൾ നേരിട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേ താണ്.

**(XIII)** ഓരോ സംഘത്തിന്റെയും യൂണിറ്റ് ഇൻസ്പെക്ടർക്കായിരിയ്ക്കും, ഈ പദ്ധതിയുടെ സംഘംതല മോണിറ്ററിംഗ് നടത്തുന്നതിനുള്ള ചുമതല. പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം യൂണിറ്റ് ഇൻസ്പെക്ടർ ക്കൊപ്പം അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ കൂടി ഇക്കാര്യം പരിശോധിക്കേ തു ്. പദ്ധതി അവസാനിച്ചു കഴിഞ്ഞതിനു ശേഷം, ഓരോ സംഘത്തിന്റെയും പ്രവർത്തനം സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽനിന്ന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, സംഘങ്ങൾ സന്ദർശിച്ച് വിലയിരുത്തുന്നതും, സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ തെറ്റായ വിവരങ്ങൾ നൽകിയിട്ടുെ ങ്കിൽ ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർക്കും, അസിസ്റ്റന്റ് രജിസ്ട്രാർക്കും എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

**(XIV)** പ്രസ്തുത പദ്ധതി മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതാണ്.

## കമ്മിറ്റികൾ

| | | |
|---|---|---|
| **സംഘം തലത്തിൽ** | | |
| 1 | അതാത് സംഘം/ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |
| 2 | എല്ലാ ഭരണ സമിതി അംഗങ്ങളും | അംഗങ്ങൾ |
| 3 | പഞ്ചായത്ത് പ്രസിഡന്റ്/വാർഡ് മെമ്പർമാർ | അംഗം |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ | അംഗം |
| 5 | യൂണിറ്റ് ഇൻസ്പെക്ടർ | അംഗം |
| 6 | സംഘം ആഡിറ്റർ | അംഗം |
| 7 | എ & ഇ ഇൻസ്പെക്ടർ | അംഗം |
| 8 | ജീവനക്കാരുടെ ഒരു പ്രതിനിധി | അംഗം |
| 9 | ചീഫ് എക്സിക്യൂട്ടീവ്/സെക്രട്ടറി | കൺവീനർ |
| **താലൂക്ക് തലം** | | |
| 1 | ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ | ചെയർമാൻ |
| 2 | പ്രസിഡന്റ്, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് | അംഗം |
| 3 | ജോയിന്റ് രജിസ്ട്രാർ നോമിനേറ്റ് ചെയ്യുന്ന 5 സർവ്വീസ് സഹകരണ ബാങ്ക്/എംപ്ലോയീസ്/മറ്റ് വായ്പാ സംഘം പ്രസിഡന്റുമാർ | അംഗങ്ങൾ |
| 4 | പ്രാഥമിക ഹൗസിംഗ് സഹകരണ സംഘം പ്രസിഡന്റുമാർ | അംഗങ്ങൾ |
| 5 | ജില്ലാ സഹകരണ ബാങ്കിന്റെ ടി താലൂക്കിനെ പ്രതിനിധീകരിക്കുന്ന ഭരണ സമിതി അംഗങ്ങൾ | അംഗം |
| 6 | അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | അംഗം |
| 7 | എക്സിക്യൂട്ടീവ് ആഫീസർ, ജില്ലാ സഹകരണ ബാങ്ക് | അംഗം |
| 8 | ശാഖാ മാനേജർ, ജില്ലാ സഹകരണ ബാങ്ക് | അംഗം |
| 9 | ജീവനക്കാരുടെ മൂന്ന് പ്രതിനിധികൾ | അംഗങ്ങൾ |
| 10 | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |
| 11 | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) | ജോയിന്റ് കൺവീനർ |
| **ജില്ലാ തലം** | | |
| 1 | ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |

| | | |
|---|---|---|
| 2 | ചെയർമാൻമാർ സർക്കിൾ സഹകരണ യൂണിയൻ | അംഗങ്ങൾ |
| 3 | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/ സെക്രട്ടറി | അംഗം |
| 4 | എല്ലാ അർബൻ ബാങ്ക് പ്രസിഡന്റുമാരും | അംഗങ്ങൾ |
| 5 | സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്/ ഹൗസിംഗ് ഫെഡറേഷൻ ഭരണ സമിതിയിൽ ജില്ലയെ പ്രതി നിധീകരിക്കുന്ന അംഗ ങ്ങൾ | അംഗങ്ങൾ |
| 6 | ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക് | അംഗം |
| 7 | സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) | അംഗം |
| 8 | ജീവനക്കാരുടെ മൂന്ന് പ്രതിനിധികൾ (അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ അതാത് ജില്ലാതല പ്രതിനിധികളെ നിശ്ചയിക്കേ താണ്. | അംഗങ്ങൾ |
| 9 | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |
| 10 | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) | ജോയിന്റ് കൺവീനർ |

**(XV)** ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച്/പദ്ധതി പ്രായോഗിക പ്രശ്നങ്ങൾ/ജില്ലയിലെ സഹകരണ മേഖലയിൽ സ്വീകരിച്ച/സ്വീകരിച്ചുവരുന്ന കാര്യങ്ങൾ ഡെപ്യൂട്ടിരജിസ്ട്രാർ (ഭരണം), സഹകരണ സംഘം (ക്രെഡിറ്റ്) അഡീഷണൽ രജിസ്ട്രാർക്ക് ഫാക്സ്/ഇ-മെയിൽ മുഖേന, പദ്ധതി കാലയളവിലെ എല്ലാ വെള്ളിയാഴ്ചയും റിപ്പോർട്ട് ചെയ്യേ താണ്.

**(XVI)** ജില്ലാതലപ്രവർത്തനം ഫലവത്തായി ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല (നോഡൽ ആഫീസർ) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ക്ക് ആയിരിക്കും.

**(XVII)** സംസ്ഥാനതലത്തിൽ ഈ പദ്ധതി സംബന്ധിച്ച കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) സംസ്ഥാനതല നോഡൽ ആഫീസറും ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്), ഡെപ്യൂട്ടി നോഡൽആഫീസറും ആയിരിക്കും.

**(XVIII)** പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ചുവടെ പരാമർശിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | | |
|---|---|---|
| 1 | ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്) | 0471-2330726((Ext. 215) |
| 2 | ഡെപ്യൂട്ടി രജിസ്ട്രാർ (ഐ.സി.ഡി.പി) | 0471-2330726((Ext. 215) |
| 3 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 1 - സി.ബി) | 0471-2330726((Ext. 229) |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 2 - സി.പി) | 0471-2330726((Ext. 230) |
| 5 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 3 - സി.എൽ.റ്റി) | 0471-2330726((Ext. 228) |
| 7 | ഫാക്സ് നമ്പർ | 0471-2331136<br>0471-2330513 |

H,v

കെ.ഗോപാല കൃഷ്ണഭട്ട്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും

2. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
6. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
7. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
8. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
9. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ.
10. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ,.... . . . . . . . . . . . . . . . .
11. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
12. പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം.
13. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/വാല്യുവേഷൻ ആഫീസർമാർക്കും
14. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
15. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും
    (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
16. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
17. രജിസ്ട്രാറുടെ മേശപ്പുറത്ത്
18. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
19. വെബ്സൈറ്റ്
20. സ്റ്റോക്ക് ഫയൽ
21. സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)

**<u>അനുബന്ധം – എ</u>**

...... . . . . . . . . . . . . . . . . . . .സഹകരണ സംഘം/ബാങ്ക് ക്ലിപ്തം നം... . . . . . .

## <u>കുടിശ്ശിക നിവാരണ പദ്ധതി</u>

# <u>ആശ്വാസ് – 2014</u>

1 വായ്പക്കാരന്റെ പേര്

2 വായ്പ നമ്പർ.

3 വായ്പയെടുത്ത തീയതി മുതൽ നാളിതുവരെ
അടച്ച തുക
മുതൽ
പലിശ
പിഴപ്പലിശ

മറ്റിനം

4 കുടിശ്ശിക

മുതൽ

പലിശ (. . . . . . . . . . . . . % നിരക്കിൽ)

പിഴപ്പലിശ

മറ്റിനം

ആകെ

5 ആശ്വാസ് - 2014 പദ്ധതി പ്രകാരം അടയ്ക്കേ തുക

മുതൽ

പലിശ

എ.ആർ.സി ഫീസ്

എക്സിക്യൂഷൻ ഫീസ്

ആകെ

6 ഇളവനുവദിച്ചത്

മുതൽ

പലിശ

പിഴപ്പലിശ

നോട്ടീസ് ചാർജ്ജ്

കേസ് ചിലവ്

മറ്റിനം

ആകെ

7 അടച്ച തുക

സ്ഥലം :

തീയതി : സെക്രട്ടറി

## പ്രൊഫോർമ – 1

# ആശ്വാസ് – 2014

## 31.12.2013, 15.03.2014 ലെ ജില്ലാതല കുടിശ്ശിക സ്റ്റേറ്റ്മെന്റ്

**താലൂക്ക്/ജില്ല:** **തുക ലക്ഷത്തിൽ**

| ക്രമ നം. | സംഘം/ബാങ്കിന്റെ പേര് | 31.12.2013 ലെ ആകെ വായ്പാ ബാക്കിനിൽപ്പ് | | | | വായ്പ കുടിശ്ശിക കണക്കുകൾ | | | | | | ആകെ കുടിശ്ശിക തുക | കുടിശ്ശിക % | ആർബിട്രേഷൻകേസ് | | എക്സിക്യൂഷൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | കാർഷികേതരം | | കാർഷികം | | കാർഷികേതരം | | പിഴപ്പലിശ | മറ്റ് ചിലവുകൾ | | | | | | |
| | | എണ്ണം | തുക | എണ്ണം | തുക | മുതൽ | പലിശ | മുതൽ | പലിശ | | | | | എണ്ണം | തുക | എണ്ണം | തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |

മേൽ വിവരിച്ച കണക്കുകൾ സംഘങ്ങളിൽ നിന്നും ശേഖരിച്ച്തും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.

യൂണിറ്റ് ഇൻസ്പെക്ടർ

പേര് : ഒപ്പ് :

യൂണിറ്റ് : പേര് :

ഒപ്പ് : അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) :

## പ്രൊഫോർമ – 2

# ആശ്വാസ് – 2014

## 31.01.2014, 15.02.2014, 01.03.2014, 15.03.2014 ലെ പുരോഗതി പട്ടിക

**താലൂക്ക്/ജില്ല :**

**തുക ലക്ഷത്തിൽ**

| ക്രമ നം. | സംഘം/ബാങ്കിന്റെ പേര് | വായ്പ കുടിശ്ശിക,വരവ്,കണക്കുകൾ ........./..../2014 തീയതി വരെ | | | | | | ആകെ മുതൽ വരവ് | ആകെ പലിശ വരവ് | ആകെ കുടിശ്ശിക വരവ് (9 + 10) | വായ്പക്കാർക്ക് നൽകിയ ആനുകൂല്യങ്ങൾ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | | കാർഷികേതരം | | | | | | കാർഷികം | കാർഷികേതരം | |
| | | മുതൽ തുക | | പലിശ തുക | മുതൽ തുക | | പലിശ തുക | | | | പിഴപ്പലിശ/ പലിശ/ അറ്റു ചെലവുകൾ | പിഴപലിശ/ പലിശ/ അറ്റു ചെലവുകൾ | |
| | | എണ്ണം | തുക | | എണ്ണം | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
(നോഡൽ ആഫീസർ)

അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ

# പ്രൊഫോർമ – 3

# ആശ്വാസ് – 2014

## 15.03.2014 ലെ ജില്ലാതല കുടിശ്ശിക സ്റ്റേറ്റ്മെന്റ്

**തുക ലക്ഷത്തിൽ**

| ക്ര. നം. | സംഘം/ബാങ്കിന്റെ പേര് | 31.12.2013 ലെ ആകെ വായ്പാ ബാക്കിനിൽപ്പ് | | | | വായ്പ കുടിശ്ശിക കണക്കുകൾ | | | | | | ആകെ കുടി ശ്ശിക തുക | കുടി ശ്ശിക % | ആർബിട്രേ ഷൻകേസ് | | എക്സിക്യൂഷൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | കാർഷികേതരം | | കാർഷികം | | കാർഷികേതരം | | പിഴ പ്പ ലിശ | മറ്റ് ചില വു കൾ | | | | | | |
| | | എണ്ണം | തുക | എണ്ണം | തുക | മുതൽ | പലിശ | മുതൽ | പലിശ | | | | | എണ്ണം | തുക | എണ്ണം | തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| 1 | ജില്ലാ സഹകരണ ബാങ്ക് | | | | | | | | | | | | | | | | |
| 2 | പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ | | | | | | | | | | | | | | | | |
| 3 | അർബൻ സഹകരണ ബാങ്കുകൾ | | | | | | | | | | | | | | | | |
| 4 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ | | | | | | | | | | | | | | | | |
| 5 | കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| 6 | ജീവനക്കാരുടെ സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| 7 | പ്രാഥമിക ഭവന സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| 8 | വായ്പാ വിതരണം നടത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
(നോഡൽ ആഫീസർ)

ജോയിന്റ് രജിസ്ട്രാർ :

## പ്രൊഫോർമ – 4

# ആശ്വാസ് – 2014

## 15.03.2014 ലെ പുരോഗതി പട്ടിക (കൺസോളിഡേറ്റഡ്)

**ജില്ല :**

**തുക ലക്ഷത്തിൽ**

| ക്രമ നം. | സംഘം/ബാങ്കിന്റെ പേര് | വായ്പ കുടിശ്ശിക,വരവ്,കണക്കുകൾ . . . . . . . . . /. . . ./2014 തീയതി വരെ | | | | | | ആകെ മുതൽ വരവ് | ആകെ പലിശ വരവ് | ആകെ കുടി ശ്ശിക വരവ് (9 + 10) | വായ്പക്കാർക്ക് നൽകിയ ആനുകൂ ല്യ ങ്ങൾ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | | കാർഷികേതരം | | | | | | കാർഷികം | കാർഷി കേതരം | |
| | | മുതൽ തുക | | പലിശ തുക | മുതൽ തുക | | പലിശ തുക | | | | പിഴപ്പലിശ/ പലിശ/ അറ്റു ചെല വുകൾ | പിഴപ്പ ലിശ/ പലിശ/ അറ്റു ചെലവു കൾ | |
| | | എണ്ണം | തുക | | എണ്ണം | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | ജില്ലാ സഹകരണ ബാങ്ക് | | | | | | | | | | | | |
| 2 | പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ | | | | | | | | | | | | |
| 3 | അർബൻ സഹകരണ ബാങ്കുകൾ | | | | | | | | | | | | |
| 4 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വിക സന ബാങ്കുകൾ | | | | | | | | | | | | |
| 5 | കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ | | | | | | | | | | | | |
| 6 | ജീവനക്കാരുടെ സഹക രണ സംഘങ്ങൾ | | | | | | | | | | | | |
| 7 | പ്രാഥമിക ഭവന സഹക രണ സംഘങ്ങൾ | | | | | | | | | | | | |
| 8 | വായ്പാ വിതരണം നട ത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ | | | | | | | | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
(നോഡൽ ആഫീസർ)

ജോയിന്റ് രജിസ്ട്രാർ